LIBRARY ARCHIVES Kerala Legislative Assembly

നേഴ്സിംഗ് റിക്രൂട്ട്മെന്റിലെ പുതിയ വ്യവസ്ഥകൾ

88 (1456) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നേഴ്സിംഗ് പഠനം പൂർത്തിയാക്കിയവർക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനായി നടത്തുന്ന റിക്രൂട്ട്മെന്റുകൾക്ക് കേന്ദ്രസർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ വിദേശത്ത് ജോലിതേടുന്ന നേഴ്സുമാരുടെ ജോലി സാധ്യതയെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇവരുടെ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽതേടിപോകുന്ന ഇന്ത്യൻ നേഴ്സുമാരുടെ സുരക്ഷിതത്വം മുൻനിർത്തിയും വിദേശരാജ്യങ്ങളിലെ തൊഴിൽ ചൂഷണവും പീഡനവും തടയുക എന്ന ലക്ഷ്യത്തോടെയും 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നേഴ്സുമാരുടെ നിയമനം 31-5-2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd), ചെന്നൈ എന്നിവർ മുഖാന്തരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശരാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇമൈഗ്രേറ്റ്' (emigrate) സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം.

(ബി&സി) വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സുതാര്യവും ആക്ഷേപ രഹിതവും കാര്യക്ഷമമായും നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കേന്ദ്ര

സർക്കാർ പുതിയ വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമൂലം സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാനും തൊഴിൽ ചൂഷണവും പീഡനവും ഇല്ലാതാക്കാനും ഭീമമായ തുക ഈടാക്കി നിയമനം നടത്തുന്ന റിക്രൂട്ടിംഗ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കാനും കൂടുതൽ പേർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്താനും കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾ

89 (1457) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോളതലത്തിൽ ക്രൂഡോയിലിന്റെ വിലത്തകർച്ച ഗൾഫ് രാജ്യങ്ങളിൽ എണ്ണ, പ്രകൃതിവാതക മേഖലയിൽ ജോലിനോക്കുന്ന മലയാളികളുടെ തൊഴിലിനെ ബാധിക്കുമെന്ന വാർത്ത, പത്രമാധ്യമങ്ങൾവഴി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രതിസന്ധിമൂലം ഈ വർഷം തൊഴിൽനഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആഗോളതലത്തിൽ ക്രൂഡോയിലിന്റെ വിലത്തകർച്ച ഗൾഫ് രാജ്യങ്ങളിൽ പ്രകൃതിവാതക മേഖലയിൽ ജോലി നോക്കുന്ന മലയാളികളുടെ തൊഴിലിനെ ബാധിക്കുമെന്ന വാർത്ത, പത്രമാധ്യമങ്ങൾവഴി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി&സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട് പ്രവാസിമലയാളികൾ തിരികെയെത്തിയതായി വിവരം ലഭിച്ചിട്ടില്ല.

നേഴ് സിംഗ് റിക്രൂട്ട്മെന്റ്

90 (1458) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേഴ്സുമാരുടെ വിദേശജോലി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും നോർക്ക മുഖാന്തരം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly